# ക്രൈസ്തവവിശ്വാസ പ്രഖ്യാപനം

ഫാ. ജോർജ് ദാനവേലിൽ

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ ഒന്നാം ഭാഗത്തിന്റെ രണ്ടാം ഉപവിഭാഗത്തിൽ 185 മുതൽ 1865 വരെയുള്ള നമ്പറുകളിലായി ക്രൈസ്തവവിശ്വാസ പ്രഖ്യാപനത്തെക്കുറിച്ചാണു പ്രതിപാദിക്കുന്നത്.

എല്ലാ വിശ്വാസികൾക്കും പൊതുവായ ഒരു ഏറ്റുപറച്ചിൽ നടത്താൽ സാധ്യത നല്കുന്ന വിശ്വാസത്തിന്റെ ഹ്രസ്വമായ ഫോർമുലകളാണു വിശ്വാസപ്രമാണങ്ങൾ (youcat 26). മാമ്മോദീസാ സ്വീകരണത്തിനുമുമ്പായി ഈ ഏറ്റുപറച്ചിൽ നടത്തേണ്ടിയിരുന്നതിനാൽ മാമ്മോദീസാ സ്വീകരണത്തോടനുബന്ധിച്ചു വിശ്വാസപ്രമാണങ്ങൾ പഠിപ്പിച്ചിരുന്നു. സഭാജീവിത്തിന്റെ വ്യത്യസ്തകാലഘട്ടങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് അനേകം വിശ്വാസപ്രമാണങ്ങൾ അഥവാ വിശ്വാസസംഹിതകൾ സഭയിൽ രൂപം കൊണ്ടിട്ടുണ്ട്. ഇവയിലൊന്നുപോലും കാലഗതിക്കനുസരിച്ച് അപ്രസക്തമാവുകയോ കാലഹരണപ്പെടുകയോ ചെയ്തിട്ടില്ലെന്നു മാത്രമല്ല സഭയുടെ വിശ്വാസസമന്വയങ്ങളിൽ കൂടുതൽ ആഴപ്പെടാൻ ഇവയെല്ലാം സഹായിക്കുകയും ചെയ്യുന്നു. വിവിധങ്ങളായ വിശ്വാസപ്രമാണങ്ങളിൽ മതബോധനഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുക സഭാജീവിതത്തിൽ പ്രത്യേക സ്ഥാന മലങ്കരിക്കുന്ന അപ്പസ്തോലൻമാരുടെ വിശ്വാസപ്രമാണവും നിഖ്യാ–കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണവും മാത്രമാണ്. ഈ രണ്ടു വിശ്വാസപ്രമാണങ്ങൾ തമ്മിലുള്ള താരതമ്യ പഠനം എളുപ്പമാകത്തക്കവിധം മതബോധനഗ്രന്ഥത്തിന്റെ ഒരേ പേജിൽ രണ്ടിന്റെയും പൂർണ്ണരൂപങ്ങൾ നല്കിയിരിക്കുന്നു. ഇതിൽത്തന്നെ അപ്പസ്തോലൻമാരുടെ വിശ്വാസപ്രമാണമാണ് വ്യാഖ്യാനത്തിനായി സ്വീകരിച്ചിരിക്കുന്നത്.

അപ്പസ്തോലിക വിശ്വാസത്തിന്റെ ഒരു വിശ്വസ്ത സംഗ്രഹം എന്ന നിലയിലാണ് അപ്പസ്തോലൻമാരുടെ വിശ്വാസപ്രമാണം പ്രാധാന്യമർഹിക്കുന്നത്. റോമൻ സഭയുടെ പ്രാചീനമായ വിശ്വാസപ്രമാണമാണിത്. സഭയുടെ ആദ്യത്തെ രണ്ടു സാർവ്വത്രിക സൂനഹദോസുകളിൽ നിന്നു രൂപം കൊണ്ടു എന്നതാണ് നിഖ്യാ–കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിന്റെ ആധികാരികതയ്ക്കടിസ്ഥാനം. വിശ്വാസപൂർവ്വം വിശ്വാസപ്രമാണം ചൊല്ലുക എന്നതിന്റെയർത്ഥം "പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവവുമായും നമുക്കു വിശ്വാസം പകർന്നുതരുന്ന നമ്മുടെ വിശ്വാസവേദിയായ സഭ മുഴുവനുമായും ഐക്യത്തിൽ പ്രവേശിക്കുക എന്നതാണ്" (197).

വിശ്വാസപ്രമാണത്തെ ആരംഭകാലം മുതൽതന്നെ മൂന്നുഭാഗങ്ങളായി തിരിച്ചിരുന്നതുപോലെ ഈ ഉപവിഭാഗവും മൂന്നു അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു.

ഒന്നാം അദ്ധ്യായം പിതാവായ ദൈവത്തിലും രണ്ടാം അദ്ധ്യായം പുത്രനായ ദൈവത്തിലും മൂന്നാം അദ്ധ്യായം പരിശുദ്ധാത്മാവിലുമുള്ള വിശ്വാസപ്രഖ്യാപനങ്ങളെക്കുറിച്ചുള്ള വിശദീകരണമാണ്. വി. അംബ്രോസിന്റെ സാക്ഷ്യമനുസരിച്ച് പന്ത്രണ്ട് അപ്പസ്തോലൻമാരെ അനുസ്മരിപ്പിച്ചുകൊണ്ട് അപ്പസ്തോലൻമാരുടെ സംഖ്യവഴി അപ്പസ്തോലിക വിശ്വാസത്തിന്റെ പൂർണ്ണത പ്രതീകാത്മകമായി ആവിഷ്കരിക്കുവാൻ വേണ്ടി വിശ്വാസ പ്രമാണം പന്ത്രണ്ടു വകുപ്പുകളായി തിരിച്ചാണു വിശ്വാസപ്രമാണം ചൊല്ലിയിരുന്നത്. അങ്ങനെ രണ്ടാം ഉപവിഭാഗത്തിലെ മൂന്നു അദ്ധ്യായങ്ങളിലായി പന്ത്രണ്ടു വകുപ്പുകൾ തിരിച്ചാണു വിശ്വാസപ്രമാണത്തിന്റെ വിശദീകരണം മതബോധനഗ്രന്ഥത്തിലും നല്കിയിരിക്കുന്നത്.

സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിലുള്ള വിശ്വാസം ഏറ്റു പറഞ്ഞുകൊണ്ടാണു വിശ്വാസപ്രമാണം ആരംഭിക്കുന്നത്. കാരണം ദൈവമാണ്, ആദിയും അന്തവും. എല്ലാറ്റിന്റെയും ആരംഭവും അവസാനവും അവിടുന്നാണ്. എല്ലാം സൃഷ്ടിച്ചതും ദൈവമാണ്. "നമ്മുടെ ആദ്യ ഉറവിടവും പരമാന്തവുമെന്ന നിലയ്ക്കു ദൈവത്തിന്റെ പക്കലേക്കുമാത്രം തിരിയുവാനും; ദൈവത്തേക്കാൾ ശ്രേഷ്ഠമോ, ദൈവത്തിനു പകരം കൊടുക്കാവുന്നതോ ആയി യാതൊന്നുമില്ലെന്നു ഗ്രഹിക്കുവാനും ദൈവത്തിലുള്ള വിശ്വാസം നമ്മെ പ്രേരിപ്പിക്കുന്നു" (229).

പിതാവായ ദൈവം പ്രപഞ്ചസൃഷ്ടി, മനുഷ്യസൃഷ്ടി, മനുഷ്യന്റെ പതനം എന്നിവ ഒന്നാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നു. സർവ്വ ക്രിസ്ത്യാനികളുടെയും വിശ്വാസം പരിശുദ്ധ ത്രിത്വത്തിൽ അധിഷ്ഠിതമാണ്. പരിശുദ്ധത്രിത്വത്തെ സംബന്ധിക്കുന്ന രഹസ്യം ക്രൈസ്തവ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും കേന്ദ്രരഹസ്യമാണ്. അതിനാൽ ഈ രഹസ്യത്തെ സംബന്ധിച്ചുള്ള സഭയുടെ വിശ്വാസപ്രബോധനം, ത്രിത്വത്തിലെ വിവിധ വ്യക്തികളുടെ പ്രവർത്തനം എന്നിവ സംബന്ധിച്ച വിശദീകരണം മതബോധനഗ്രന്ഥം നല്കുന്നു(232–267). പ്രപഞ്ചസൃഷ്ടിയെ സംബന്ധിച്ചുള്ള പ്രബോധനമാണ് തുടർന്നു നല്കുക. സൃഷ്ടികർമ്മം പ്രത്യേകമായി പിതാവിന്റെ പ്രവർത്തിയായി പരിഗണിക്കപ്പെടുന്നെങ്കിലും പുത്രനും പരിശുദ്ധാത്മാവും സൃഷ്ടികർമ്മത്തിന്റെ അവിഭാജ്യമായ ഏക പ്രഭവമാണ് (316) എന്നു മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു.

'മാലാഖാമാർ' എന്ന അരൂപികളും അശരീരികളുമായ സൃഷ്ടികൾ ഉണ്ടെന്ന വിശ്വാസസത്യം പ്രഖ്യാപിച്ചു കൊണ്ട് മാലാഖാമാരെക്കുറിച്ചുള്ള വിശദീകരണമാണു തുടർന്നു നല്കുക (328–336). മനുഷ്യസൃഷ്ടിയെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ടു മനുഷ്യന്റെ മാഹാത്മ്യ ത്തിന്റെ അടിസ്ഥാനകാരണം മതബോധനഗ്രന്ഥം വ്യക്തമാക്കുന്നു; 'ലോകസൃഷ്ടികളിൽ മനുഷ്യനെ മാത്രമാണ് ദൈവം അവനുവേണ്ടിത്തന്നെ സൃഷ്ടിച്ചത്. ജ്ഞാനവും സ്നേഹവും വഴി ദൈവത്തിന്റെ ജീവനിൽ പങ്കുചേരാൻ വിളിക്കപ്പെട്ടതും

മനുഷ്യൻമാത്രമാണ്. ഈ ലക്ഷ്യത്തെ പ്രതിയാണ് അവൻ സൃഷ്ടിക്കപ്പെട്ടത്' (356). "മനുഷ്യനുവേണ്ടിയാണു ദൈവം സമസ്തവും സൃഷ്ടിച്ചിരിക്കുന്നത്; എന്നാൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതാകട്ടെ, ദൈവത്തെ സേവിക്കുവാനും സ്നേഹിക്കുവാനും സർവ്വസൃഷ്ടികളെയും അവിടുത്തേക്കു സമർപ്പിക്കാനും വേണ്ടിയാണ്"(358). തുടർന്ന് സൃഷ്ടിയെക്കുറിച്ചുള്ള ഉത്പത്തി പുസ്തകത്തിലെ വിവരണം വിശദീകരിക്കുന്നു. ദൈവവുമായുള്ള മനുഷ്യന്റെ ബന്ധത്തിന്റെ അടയാളമായി ആദിമാതാപിതാക്കൻമാരെ പറുദീസായിൽ താമസിപ്പിക്കുന്നു. എന്നാൽ ദൈവം നല്കിയ സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗം മൂലം അവരുടെ പതനം സംഭവിക്കുന്നു. ഉത്ഭവപാപം, മാലാഖാമാരുടെ പതനം ഇവയെക്കുറിച്ചുള്ള സഭയുടെ പ്രബോധനം തുടർന്നു നല്കുന്നു(388-409). മനുഷ്യന്റെ പതനശേഷവും ദൈവം അവരെ ഉപേക്ഷിക്കുന്നില്ല. ഇതുസംബന്ധിച്ച ക്രൈസ്തവവിശ്വാസമിതാണ്: "സ്രഷ്ടാവിന്റെ സ്നേഹം മൂലം ലോകം സ്ഥാപിക്കപ്പെടുകയും നിലനിർത്തപ്പെടുകയും ചെയ്തു; ലോകം പാപത്തിന്റെ ദാസ്യത്തിൽ നിപതിച്ചെങ്കിലും ദുഷ്ടന്റെ ശക്തിയെ തകർക്കാനായി ക്രൂശിക്കപ്പെടുകയും ഉയിർക്കുകയും ചെയ്ത ക്രിസ്തു അതിനെ സ്വതന്ത്രമാക്കി" (421).